**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**
**ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in**

---

നം.ആ.വ.ഡ/27858/2024-ഇ.എസ്3 തീയതി: 18-02-2025

**നോട്ടീസ്**

വിഷയം:- ആവഡ-ശ്രീമതി.അനില.കെ.അലക്സാണ്ടർ-ന് ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ സീനിയോരിറ്റി പട്ടികയിലെ സ്ഥാനം റദ്ദ് ചെയ്യുന്നത്- സംബന്ധിച്ച്:-

സൂചന:-
1. കത്ത് നം.DMOH/2428/2024-A6, തീയതി:29/11/2024
2. PTAIV(1)1521/15(6),തീയതി:04/06/2018
3. ഉത്തരവ് നം.A6-14489/2020/ജി.മെ.ആ(ആ)/പത്തനംതിട്ട,തീയതി:09/11/2022
4. ഉത്തരവ് നം.ഇ.എസ്3-2982/2019/ആ.വ.ഡ,തീയതി:29/07/2021
5. ഉത്തരവ് നം.ഇ.എസ്3-6081/2022/ആ.വ.ഡ,തീയതി:25/05/2023

റാന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഫാർമസിസ്റ്റ് ഗ്രേഡ് 2 ജീവനക്കാരിയായ ശ്രീമതി.അനില.കെ.അലക്സാണ്ടർ സീനിയോരിറ്റി പട്ടികയിൽ തനിക്ക് നൽകിയ സ്ഥാനം പുനഃപരിശോധിക്കുന്നതിനായി സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ടി ജീവനക്കാരി സൂചന 2-ലെ നിയമനശിപാർശ പ്രകാരം പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട് കുടുംബാരോഗ്യകേന്ദ്രത്തിൽ 20/06/2018-ൽ ജോലിയിൽ പ്രവേശിച്ചു.ടിയാൾ 16/09/2019 മുതൽ 1 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിയ്ക്കുകയും 17/09/2020 മുതൽ അനധികൃത അവധിയിൽ ആയിരുന്നുവെന്നും അപേക്ഷയിൽ വ്യക്തമാക്കുന്നു.മേൽ സാഹചര്യത്തിൽ പ്രൊബേഷണറായ ടി ജീവനക്കാരിയ്ക്കെതിരെ അച്ചടക്കനടപടി കൈക്കൊള്ളുകയും തുടർന്ന് ടി നടപടികൾ അവസാനിപ്പിച്ച് **പുതിയ ഉദ്യോഗാർത്ഥിയെന്ന നിലയിൽ ടിയാളെ പരിഗണിയ്ക്കുകയും മുൻകാല സേവനത്തിൽ നേടിയ എല്ലാ സേവന ആനുകൂല്യങ്ങളും ഇല്ലാതാകുമെന്ന്** വ്യക്തമാക്കിക്കൊണ്ടും 16/11/2022 FN-ൽ റാന്നി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പുനപ്രവേശിപ്പിച്ചുകൊണ്ടും സൂചന 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

ശ്രീമതി.അനില.കെ.അലക്സാണ്ടർ സൂചന 4-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 2014-2018 കാലയളവിലെ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ 251-ാം സ്ഥാനത്തും ഇതേ തസ്തികയിലെ സൂചന 5-ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച 31/12/2021 കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 247-ാം സ്ഥാനത്തും ഉൾപ്പെട്ടിട്ടുണ്ട്.ആയതിനാൽ

**പുതിയ ഉദ്യോഗാർത്ഥിയെന്ന നിലയിൽ** 16/11/2022 തീയതിയിൽ ജോലിയിൽ പുനഃപ്രവേശിച്ച തീയതി പരിഗണിച്ച് ടിയാളെ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ പുതുക്കിയ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ആയതിൽ ഉൾപ്പെടുത്തുന്നതിനും മേൽപ്പറഞ്ഞ സീനിയോരിറ്റി പട്ടികകളിൽ ടിയാൾക്ക് നൽകിയ സ്ഥാനം(251,247) താത്ക്കാലികമായി റദ്ദ് ചെയ്തുകൊണ്ടുമുള്ള നോട്ടീസ് പുറപ്പെടുവിക്കുന്നു.

ടി തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ടി നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം ആക്ഷേപങ്ങളൊന്നുമില്ലായെന്ന നിഗമനത്തിൽ പ്രസ്തുത നോട്ടീസ് സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by Jayasree V
Date: 18-02-2025 16:05:41

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)**

**സ്വീകർത്താവ്:**

1.ബന്ധപ്പെട്ട വ്യക്തിയ്ക്ക്(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

**പകർപ്പ്:**

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2. എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
3. സൂപ്രണ്ട്,ഇ.ഇ സെക്ഷൻ